www.malankaralibrary.com

# കൂദാശകളും പരിശുദ്ധാത്മാവും

Dr.K.M.Francis

കത്തോലിക്കാ സഭ വളരെയേറെ പ്രതിസന്ധികളെ നേരിട്ടുകൊണ്ടാണ് യേശു ഏല്പിച്ച ദൗത്യം നിറവേറ്റാൻ പരിശ്രമിക്കുന്നത്. ഈ പ്രതിസന്ധികൾ ആന്തരികവും, ബാഹ്യവുമായ തലങ്ങളിൽ നിന്ന് ഉയർന്നുവരുന്നു. ഇവയിൽ തന്നെ ദൈവശാസ്ത്രപരവും പ്രായോഗികവുമായ തലങ്ങളുണ്ട്. ഇവയിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കൂദാശകളും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധം. ചിലർ പറയുന്നത് (ഒരുവർഷം മുമ്പ് വരെ ഞാനും) ദേവാലയത്തിൽ നിന്ന് നമുക്ക് കൂദാശകൾ (Sacraments) ലഭിക്കുന്നു, പരിശുദ്ധാത്മാവിനെ ലഭിക്കണമെങ്കിൽ കരിസ്മാറ്റിക് ധ്യാനത്തിൽ പങ്കെടുക്കണം എന്നാണ് വലിയൊരു വിഭാഗം ദൈവശാസ്ത്രജ്ഞമാരും ഇത്തരമൊരു പ്രസ്ഥാവനയെ പുച്ഛത്തോടെ കാണുകയും, അത്തരത്തിൽ പ്രസ്താവിക്കുന്നവരെ അറിവില്ലാത്തവർ പറയുന്ന ജൽപ്പനങ്ങളായി തള്ളിക്കളയുകയും ചെയ്യുന്നു. എന്നാൽ കത്തോലിക്കാ സഭയിലെ ദൈവശാസ്ത്രന്മാരുടെ കാഴ്ച്ചപ്പാടിന്റെ പരിമിതിയിൽ നിന്നാണ് ഈ പ്രതിസന്ധി ഉത്ഭവിച്ചതെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട്, കൂദാശകളിലൂടെയാണ് പരിശുദ്ധാത്മാവിനെ ലഭിക്കുകയെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളുന്ന വിധത്തിൽ നിലവിലുള്ള ദൈവശാസ്ത്രകാഴ്ച്ചപ്പാടുകളെ വികസിപ്പിക്കുക എന്നതാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

## പൂർണ്ണ മനുഷ്യൻ ആരാണ്?

പൂർണ്ണനായ മനുഷ്യൻ (Perfect Man) ആരാകുന്നുവെന്ന ചോദ്യത്തിന് യേശുക്രിസ്തു എന്നാണ് കത്തോലിക്കാസഭ ഉത്തരം നൽകുന്നത്. ഒരു മനുഷ്യന് പൂർണ്ണമനുഷ്യനാകാൻ പരിശുദ്ധാത്മാവിന്റെ സഹവാസം (Co-habilation) ആവശ്യമുണ്ടോ? ഉണ്ട് എന്നാണ് ഉത്തരമെങ്കിൽ പാപം ചെയ്യുന്നതിന് മുമ്പുള്ള മനുഷ്യനിൽ, ആദാമിൽ പരിശുദ്ധാത്മാവിന്റെ സഹവാസം ഉണ്ട്. പാപം ചെയ്യുന്നതിന് മുമ്പുള്ള മനുഷ്യനെ, ആദാമിനെ, യേശുക്രിസ്തുവിന് സമാനൻ (Similar) എന്നാണ് സഭ പഠിപ്പിക്കുന്നത്. ആദാമിൽ പരിശുദ്ധാത്മാവ് ഉണ്ടായിരിക്കുകയും, പാപത്തിനുശേഷം പരിശുദ്ധാത്മാവിന്റെ സഹവാസം നഷ്ടപ്പെടുകയും ചെയ്തിരുന്നുവെങ്കിൽ, യേശുവിന്റെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യം പരിശുദ്ധാത്മാവിനെ മനുഷ്യന് തിരികെ നൽകുക എന്നതാണ്. മനുഷ്യന്റെ പൂർണ്ണതയ്ക്ക് പരിശുദ്ധാത്മാവിന്റെ ആവശ്യമുണ്ടോ? ഇക്കാര്യത്തിൽ വിശുദ്ധ പൗലോസിന്റെ വ്യാഖ്യാനം പരിശോധിക്കാം. റോമക്കാർക്കെഴുതുന്ന ലേഖനത്തിൽ

www.malankaralibrary.com

എന്തുകൊണ്ട് വി.പൗലോസ് യേശുവിനെ രക്ഷകനായി അംഗീകരിക്കുന്നുവെന്ന് വിശദീകരിക്കുന്നുണ്ട്. ലോകത്തിലുള്ള മതങ്ങളും, തത്വശാസ്ത്രങ്ങളും ചെയ്യേണ്ട നന്മ എന്താണെന്ന് പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ അറിയുന്ന നന്മ പ്രവർത്തിക്കാൻ കഴിയുന്നില്ല എന്നതാണ് വി.പൗലോസ് അനുഭവിക്കുന്ന യഥാർത്ഥ പ്രശ്നം. ഈ വൈരുദ്ധ്യത്തിൽ നിന്ന് വി.പൗലോസിനെ മോചിപ്പിക്കുന്നത് കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിലൂടെ ലഭിക്കുന്ന ദൈവകൃപയാണ്. എന്താണ് ദൈവകൃപ? പരിശുദ്ധാത്മാവില്ലാതെ ദൈവകൃപ ലഭിക്കുമോ?

വിളക്കിൽ നിന്ന് പ്രകാശത്തെ വേർതിരിക്കാൻ കഴിയില്ല? അതുപോലെ പരിശുദ്ധാത്മാവിൽ നിന്ന് ദൈവകൃപയെ (Grace of God) വേർതിരിക്കാൻ കഴിയില്ല. പരിശുദ്ധാത്മാവ് ഒരുവന്റെ ഹൃദയത്തിൽ വസിക്കുമ്പോൾ, ഇച്ഛിക്കുന്ന നന്മ പ്രവർത്തിക്കാനുള്ള ശക്തി മനുഷ്യന് ലഭിക്കുന്നു. പരിശുദ്ധാത്മാവ് എന്ന വ്യക്തി മനുഷ്യ ഹൃദയത്തിൽ വസിക്കുമ്പോൾ നന്മ ചെയ്യാൻ ഓരോ മനുഷ്യനും ലഭിക്കുന്ന ശക്തിയാണ് ദൈവകൃപ. പരിശുദ്ധാത്മാവ് വ്യക്തിയും, കൃപ പരിശുദ്ധാത്മാവിന്റെ സഹവാസം മൂലമുള്ള ശക്തിയുമാണ്. പരിശുദ്ധാത്മാവിൽ നിന്ന് കൃപയെ വേർതിരിച്ചതാണ് ദൈവശാസ്ത്രത്തിൽ വന്നു ഭവിച്ച അടിസ്ഥാന പ്രശ്നം. ഈ പ്രശ്നം മൂലം കൂദാശകളിൽ നിന്ന് ലഭിക്കുന്ന കൃപാവരം എന്നുമാത്രമായി കത്തോലിക്കാ ആരാധാനാക്രമം ചുരുങ്ങിപ്പോയി. കൂദാശകളിലൂടെ ലഭിക്കുന്ന പരിശുദ്ധാത്മാവ് എന്ന പഠനം കത്തോലിക്കാ സഭയിൽ ഉണ്ടോ?

### വി.അഗസ്റ്റിന്റെ മനുഷ്യ നിർവ്വചനം

ഇത്തരമൊരു വൈരുദ്ധ്യത്തിലേക്ക് നയിക്കപ്പെട്ടത് ഒരുപക്ഷേ വിശുദ്ധ അഗസ്റ്റിൻ ആദാമിന്റെ സൃഷ്ടിയെക്കുറിച്ച് നൽകുന്ന വ്യാഖ്യാനമായിരിക്കാം. പാപം ചെയ്യുന്നതിനു മുമ്പുള്ള ആദാമിന് സൃഷ്ടാവ് പരിശുദ്ധാത്മാവിനെ നൽകിയിരുന്നില്ല എന്ന രീതിയിലാണ് വി.അഗസ്റ്റിൻ ഉല്പത്തിപുസ്തകത്തെ വ്യാഖ്യാനിക്കുന്നത്. സൃഷ്ടാവ് മനുഷ്യനെ മണ്ണിൽ നിന്ന് രൂപപ്പെടുത്തി അവന്റെ നാസാരന്ധ്രങ്ങളിൽ നിശ്വസിക്കുന്നത് എന്താണ്? ദൈവം മനുഷ്യന്റെ നാസാരന്ധ്രങ്ങളിൽ നിശ്വസിച്ചപ്പോഴാണ് അവന് ജീവനുണ്ടായത് (ഉല്പത്തി 2:7). ഈ ജീവൻ മൃഗമെന്ന നിലയ്ക്കുള്ള ജീവനോ, ദൈവീക ജീവനോ? ദൈവീക ജീവനെന്നാൽ ദൈവം ജീവിക്കുന്നതുപോലെ അഥവാ പ്രവർത്തിക്കുന്നതുപോലെ പ്രവർത്തിക്കാനുള്ള കഴിവാണ്. ഉല്പത്തി പുസ്തകത്തിൽ കാണുന്ന നിശ്വസനവും, യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്ന നിശ്വസനവും (യോഹന്നാൻ) ഒന്നല്ല എന്ന് സ്ഥാപിക്കാനാണ് വി.അഗസ്റ്റിൻ ശ്രമിക്കുന്നത്. അതുകൊണ്ട് തന്നെ എല്ലാ മനുഷ്യനും പരിശുദ്ധാത്മാവിനെ ആവശ്യമില്ല കൃപ (Grace) ആവശ്യമുണ്ട് എന്ന രീതിയിൽ വി.അഗസ്റ്റിന്റെ വാദം മുന്നോട്ടുപോയി.

www.malankaralibrary.com

പാപം ചെയ്യുന്നതിന് മുമ്പ് മനുഷ്യനിൽ ഉണ്ടായിരുന്നതും, പാപത്തിന് ശേഷം മനുഷ്യനിൽ നിന്ന് നഷ്ടപ്പെട്ടതും മനുഷ്യന് തിരികെ നൽകുന്നതാണ് രക്ഷ. പാപം ചെയ്യുന്നതിന് മുമ്പ് മനുഷ്യനിൽ പരിശുദ്ധാത്മാവ് ഇല്ലായിരുന്നുവെങ്കിൽ, പാപം മൂലം പരിശുദ്ധാത്മാവ് നഷ്ടപ്പെട്ടില്ലായിരുന്നുവെങ്കിൽ, യേശുവിന്റെ രക്ഷാകർമ്മത്തിൽ പരിശുദ്ധാത്മാവിനെ തിരികെ നൽകുക എന്നത് ഒരു ലക്ഷ്യം അല്ലാതാകും. വി.അഗസ്റ്റിന്റെ കാഴ്ചപ്പാടിന്റെ പ്രശ്നം മറ്റു ചില പരിമിതികളിലേക്ക് ദൈവശാസ്ത്രത്തെ കൊണ്ടു ചെന്നെത്തിച്ചു. എല്ലാ മനുഷ്യനും പരിശുദ്ധാത്മാവിനെ നൽകുക എന്നത് രക്ഷാകർമ്മത്തിന്റെ ലക്ഷ്യമായി ഇനിയും വിശദീകരിക്കപ്പെടുന്നില്ല.

രക്ഷാരഹസ്യം ഉദ്ഘോഷിക്കുമ്പോൾ യേശുവിന്റെ പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവ മാത്രം ഉദ്ഘോഷിക്കുകയും പരിശുദ്ധാത്മാവിനെ നൽകൽ എന്നതിനെ രക്ഷാരഹസ്യത്തിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. കത്തോലിക്കാ സഭ രൂപം കൊടുത്ത ഒരു പ്രാർത്ഥനയിലും രക്ഷാരഹസ്യം ഉദ്ഘോഷിക്കുമ്പോൾ പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവയിലൂടെ പരിശുദ്ധാത്മാവിനെ നൽകുന്നുവെന്ന് പ്രഖ്യാപിക്കുന്നില്ല. ഉദാഹരണമായി കത്തോലിക്കരുടെ വീടുകളിൽ സാർവ്വത്രികമായി ഉപയോഗിക്കുന്ന ത്രിസന്ധ്യാ പ്രാർത്ഥന പരിശോധിക്കാം. ''മാലാഖയുടെ സന്ദേശത്താൽ അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാര വാർത്ത അറിഞ്ഞിരിക്കുന്ന ഞങ്ങൾ, അവിടുത്തെ പീഡാനുഭവവും, കുരിശുമരണവും, ഉത്ഥാനവും മുഖേന ഉയിർപ്പിന്റെ മഹിമ പ്രാപിപ്പാൻ....." എന്നാണ് പ്രാർത്ഥിക്കുന്നത്. പരിശുദ്ധാത്മാവാണ് യേശുവിനെ ഉയിർപ്പിക്കുന്നത്, ആ പരിശുദ്ധാത്മാവുണ്ടെങ്കിലാണ് ഓരോ മനുഷ്യനും ഉയിർത്തെഴുന്നേൽക്കുക, ഈ പരിശുദ്ധാത്മാവിനെ യേശു വാഗ്ദാനം ചെയ്യുന്നത് അപ്പസ്തോലന്മാർക്ക് മാത്രമല്ല, മനുഷ്യവർഗ്ഗം മുഴുവനുമാണ്.

ഈ പരിമിതി കുടുംബപ്രാർത്ഥനകൾക്ക് മാത്രമല്ല, രക്ഷാരഹസ്യത്തിന്റെ പരമോന്നത ആഘോഷമായ വി.കുർബ്ബാനയിലും കാണാവുന്നതാണ്. ആഗോളസഭ സാർവ്വത്രികമെന്ന് അടുത്തകാലം വരെ ശാഠ്യം പിടിച്ചിരുന്ന ലത്തീൻ റീത്തിലെ വിശുദ്ധ കുർബ്ബാനയിൽ യേശുക്രിസ്തുവിന്റെ പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവ മാത്രമാണ് ഉദ്ഘോഷിക്കുന്നത്. സീറോ മലബാർ കുർബ്ബാനയുടെ ചില പ്രാർത്ഥനകളിലും രക്ഷാ രഹസ്യത്തിന്റെ അവതരണത്തിൽ പരിശുദ്ധാത്മാഭിഷേ കത്തിന് പ്രാധാന്യം നൽകുന്നില്ല. എന്നാൽ സീറോ മലബാർ കുർബ്ബാനയുടെ പൊതുഘടനയിൽ റൂഹാക്ഷണ പ്രാർത്ഥനയുണ്ട്. പരിശുദ്ധാത്മാവിനോട് യേശുക്രിസ്തുവിന്റെ ശരീര രക്തങ്ങളായ അപ്പത്തിലും വീഞ്ഞിലും ആവസിക്കാൻ ദൈവജനം പ്രാർത്ഥിക്കുന്നു. പരിശുദ്ധാത്മാവിനാൽ സന്നിവേശിക്കപ്പെട്ട പരിശുദ്ധാത്മാവ്, ശരീരരക്തങ്ങൾ ഭക്ഷിക്കുന്നവരിലേക്ക് പ്രവേശിക്കുമോ? പിതാവിൽ നിന്ന് പുത്രനിലൂടെ പരിശുദ്ധാത്മാവ് മനുഷ്യനിലേക്ക് പ്രവേശിക്കുന്നുവെന്നും,

www.malankaralibrary.com

പരിശുദ്ധാത്മാവ് പുത്രനിലൂടെ മനുഷ്യനെ പിതാവിലേക്ക് വളർത്തുമെന്നും കത്തോലിക്കാസഭ വേണ്ടത്ര പ്രാധാന്യം കൊടുത്ത് പ്രഘോഷിക്കുന്നില്ല. ഓരോ മനുഷ്യനും പരിശുദ്ധാത്മാവിന്റെ ആലയമാണെന്നും, പന്തകുസ്താ ദിനത്തിൽ യേശുക്രിസ്തുവിനെ സ്വീകരിച്ച മുഴുവൻ പേർക്കും പരിശുദ്ധാത്മാവിനെ ലഭിച്ചുവെന്നും പ്രഘോഷിക്കാൻ സഭ ധൈര്യം കാണിച്ചിരുന്നില്ല. ഈ അഭാവത്തിലാണ് 'കൂദാശകളിൽ' പരിശുദ്ധാത്മാവില്ലെന്ന നിഗമനത്തിൽ പന്തകുസ്താവിഭാഗം രൂപം കൊണ്ടുവന്നത്. ഇത്തരമൊരു പരിമിതിയെ വത്തിക്കാൻ കൗൺസിൽ രേഖകൾ മറികടക്കുകയും ഓരോ മനുഷ്യനിലും പരിശുദ്ധാത്മാവ് വസിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

എങ്കിലും ഇപ്പോഴും വിശുദ്ധകുർബ്ബാനയിലെ പ്രാർത്ഥനകളിൽ "പരിശുദ്ധാത്മാവെ എഴുന്നള്ളി വരണമെ" എന്നുമാത്രമാണ് വിശ്വാസികളെകൊണ്ട് പ്രാർത്ഥിപ്പിച്ചിരുന്നത്. എവിടേക്കാണ് പരിശുദ്ധാത്മാവ് എഴുന്നള്ളിവരേണ്ടത്? പരിശുദ്ധാത്മാവെ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളിവരേണമെയെന്ന് പ്രാർത്ഥിപ്പിക്കാൻ എന്തുകൊണ്ട് കഴിയുന്നില്ല?

ഇപ്പോഴും പന്തകുസ്താദിനത്തിൽ 12 ശ്ലീഹമാരിൽ മാത്രം പരിശുദ്ധാത്മാവ് നിറഞ്ഞു എന്നാണ് സഭ പ്രഘോഷിക്കുന്നത്. നടപടി പുസ്തകത്തിൽ അപ്പോസ്തോലന്മാരും മാതാവും കൂടാതെ മറ്റനേകം പേർ സെഹിയോൻ ഊട്ടുശാലയിൽ ഉണ്ടായിരുന്നുവെന്നും, അവിടെ കൂടിയിരുന്നവരിൽ മുഴുവൻ പേർക്കും പരിശുദ്ധാത്മാവിനെ നൽകിയെന്നും രേഖപ്പെടുത്തിയിരിക്കുന്നു. എങ്കിലും പന്ത്രണ്ട് ശ്ലീഹന്മാരിലും കന്യകാമാതാവിലും മാത്രമാണ് പരിശുദ്ധാത്മാവ് നിറഞ്ഞതെന്ന രീതിയാലാണ് ദേവാലയങ്ങളിൽ വരച്ചുവെച്ചിട്ടുള്ള ചിത്രങ്ങളിലൂടെ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് (Misrepresentation). ചില ഗാനങ്ങൾ പരിശോധിക്കാം. "ശ്ലീഹന്മാരിൽ നിറഞ്ഞപ്പോൾ ശക്തിയേകി നയിക്കണേ" എന്ന ഗാനശകലം, പിതാവായ ദൈവം പരിശുദ്ധാത്മാവിനെ അപ്പസ്തോലന്മാർക്ക് 'മാത്രം' നൽകിയെന്നും, പരിശുദ്ധാത്മാവിനെ നൽകാൻ അപ്പസ്തോലന്മാർക്കും, അവരുടെ പിൻഗാമികളായ മെത്രാന്മാർക്കും 'മാത്രമേ' കഴിയൂ എന്നുമുള്ള ധ്വനി നൽകുന്നു. ഇത്തരത്തിൽ രക്ഷാരഹസ്യത്തിൽ നിന്നും കൂദാശകളിൽ നിന്നും, പരിശുദ്ധാത്മാവിനെ മുറിച്ചു മാറ്റുന്ന വിശകലന ഘടന കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാർ പിൻതുടർന്നതുകൊണ്ടാണ് കൂദാശകളും പരിശുദ്ധാത്മാവും തമ്മിൽ ബന്ധമില്ല എന്ന് ചിന്തിക്കാൻ വിശ്വാസി സമൂഹത്തെ പ്രേരിപ്പിച്ചത്.

www.malankaralibrary.com

മാത്രമല്ല എല്ലാ മനുഷ്യരിലും പരിശുദ്ധാത്മാവ് വസിക്കുന്നുവെന്ന പ്രഖ്യാപനം സഭയുടെ ഔദ്യോഗിക നേതൃത്വത്തിന് പ്രഘോഷിക്കാൻ മടിയുള്ളതുകൊണ്ട്, സഭയിലെതന്നെ ഒരു മുന്നേറ്റമായ കരിസ്മാറ്റിക് പ്രസ്ഥാനം ഇക്കാര്യത്തിൽ മുൻകൈയ്യെടുത്തു. അതുകൊണ്ടായിരിക്കണം പരിശുദ്ധാത്മാവിനെ ലഭിക്കാൻ കരിസ്മാറ്റിക് ധ്യാനത്തിൽ പങ്കെടുക്കണമെന്ന ധാരണ വ്യാപകമായത്.

**നിഗമനങ്ങൾ**

1. പരിശുദ്ധാത്മാവും കൃപാവരവും രണ്ടായി വേർതിരിക്കരുത്. ഇച്ഛിക്കുന്ന നന്മ പ്രവർത്തിക്കാൻ, പരിശുദ്ധാത്മാവിന്റെ സഹവാസം മൂലം ലഭിക്കുന്ന ശക്തിയാണ് കൃപാവരം.

2. ആദിപാപം ചെയ്യുന്നതിന് മുമ്പ് മനുഷ്യനിൽ പരിശുദ്ധാത്മാവ് സഹവസിച്ചിരുന്നു. പാപം മൂലം പരിശുദ്ധാത്മാവിനെ നഷ്ടപ്പെടുത്തി. മനുഷ്യർ നിഷേധിച്ച പരിശുദ്ധാത്മാവിനെ വീണ്ടും നൽകി, മനുഷ്യനെ ആദിപാപം ചെയ്യുന്നതിനു മുമ്പുള്ള പൂർണ്ണത നൽകുക എന്നതാണ് രക്ഷ.

3. അതിനാൽ രക്ഷാരഹസ്യമെന്നത് യേശുവിന്റെ പീഡാസഹനം, മരണം, ഉത്ഥാനം, പരിശുദ്ധാത്മാവിനെ നൽകൽ എന്നതായി വികസിപ്പിക്കണം.

4. പിതാവിൽ നിന്ന് പുറപ്പെടുന്ന പരിശുദ്ധാത്മാവ് പുത്രനിലൂടെ മനുഷ്യന്റെ ഹൃദയത്തിൽ വസിക്കുന്നു.

5. വിശുദ്ധിയുള്ളിടത്തു മാത്രമാണ് പരിശുദ്ധാത്മാവ് വസിക്കുക, വിശുദ്ധി പരിശുദ്ധാത്മാവിന്റെ ദാനമാണ്. ഈ പ്രസ്താവന തത്വശാസ്ത്രത്തിൽ Antinomy എന്ന വർഗ്ഗീകരണത്തിൽ ഉൾപ്പെടുന്നു. മുകളിലെ പ്രസ്താവനയനുസരിച്ച് പാപം ചെയ്ത് വിശുദ്ധി മനുഷ്യൻ നഷ്ടപ്പെടുത്തിയാൽ ഒരു കാരണവശാലും പരിശുദ്ധാത്മാവിന് മനുഷ്യനിൽ വസിക്കാൻ കഴിയില്ല. ഈ പരിമിതാവസ്ഥയെ മറികടക്കാനുള്ള മാർഗ്ഗമാണ് യേശുവിന്റെ ശരീരം. യേശുവിന്റെ ശരീരം വിശുദ്ധിയുള്ളതാണ്. യേശുവിന്റെ ശരീരത്തിൽ പരിശുദ്ധാത്മാവ് വസിക്കുകയും, യേശുവിന്റെ ശരീരം മനുഷ്യൻ ഭക്ഷിക്കുകയും ചെയ്താൽ, യേശുവിന്റെ ശരീരത്തിലൂടെ മനുഷ്യന്റെ ആന്തരികതയിൽ പരിശുദ്ധാത്മാവ് ലയിച്ചു ചേരുന്നു. അതുകൊണ്ട് വി.കുർബ്ബാനയിൽ പങ്കുചേരാതെ പരിശുദ്ധാത്മാവിനെ പൂർണ്ണമായി ലഭിക്കുക സാധ്യമല്ല. വചനം

www.malankaralibrary.com

ശ്രവിക്കൽ, മാനസാന്തരപ്പെടൽ മാമോദീസ സ്വീകരിക്കൽ, കുമ്പസാരം, പരിശുദ്ധാത്മാവിനെ ബോധപൂർവ്വം ആവശ്യപ്പെടൽ മുതലായവ ഈ പ്രക്രിയയുടെ മുന്നൊരുക്കം മാത്രമാണ്.

6. 'ദൈവകൃപ നിറഞ്ഞവളെ സ്വസ്തി' എന്നതിനു പകരം 'പരിശുദ്ധാത്മാവിനാൽ നിറഞ്ഞവളെ സ്വസ്തി' എന്നതായിരിക്കും മറിയത്തിനു നൽകാവുന്ന യഥാർത്ഥ വന്ദനം.

7. പരിശുദ്ധ കന്യാകാമറിയത്തിൽ പരിശുദ്ധാത്മാവ് നിറഞ്ഞു എന്നത് യാഥാർത്ഥ്യമാണെങ്കിൽ അവളിൽ പാപം (അശുദ്ധി) ഉണ്ടാകാൻ പാടില്ല.

8. മനുഷ്യൻ തന്റെ ആന്തരികത എത്രമാത്രം ദൈവത്തിനു മുമ്പിൽ തുറന്നുവെയ്ക്കുന്നുവോ, അത്രമാത്രം മാത്രമാണ് പരിശുദ്ധാത്മാവിന് മനുഷ്യാസ്ഥിത്വത്തിൽ ലയിച്ചുചേരാൻ കഴിയുക. അതുകൊണ്ട് സ്വന്തം ആന്തരികത സൃഷ്ടാവിനു മുമ്പിൽ തുറക്കാതെ ആചാരപരമായി മാത്രം കൂദാശകൾ സ്വീകരിച്ചാൽ പരിശുദ്ധാത്മാവെന്ന ദാനം സമ്പൂർണ്ണമായി മനുഷ്യനിൽ ലയിച്ചുചേരുന്നില്ല.